**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **11-10-2024 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ അവാർഡ് ചെയ്ത 700 കോടിയോളം രൂപ വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2006ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007ലെ (1)) പ്രകാരം രൂപീകൃതമായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡുപ്രകാരം സർക്കാരിലേക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഇതിനായി മതിയായ രേഖകളോടുകൂടി കമ്മീഷനിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും സഹകരണ സ്ഥാപനങ്ങൾ/ ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പരമാവധി 2,00,000/- രൂപ വരെ കടാശ്വാസം അനുവദിക്കുന്നതിനായാണ് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നത്. ദുരന്ത ബാധിത പ്രദേശങ്ങളിലെ കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ വയനാട്/ ഇടുക്കി ജില്ലകളിൽ 31.08.2020 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിച്ച് വരുന്നുണ്ട്.<br><br>കർഷക കടാശ്വാസ കമ്മീഷൻ അവാർഡു ചെയ്യുന്ന തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമുമ്പ് സഹകരണ രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്. അപേക്ഷകളുടെ ആധിക്യവും അവാർഡ് ചെയ്യുന്ന അപേക്ഷകളുടെ എണ്ണത്തിലുള്ള വർദ്ധനവും |

| | | | |
|---|---|---|---|
| | | | പരിശോധന നടപടി മന്ദഗതിയിലാക്കുന്നുണ്ട്. ഇത് അവാർഡ് തുക നൽകുന്നതിൽ കാലതാമസം ഉണ്ടാക്കുന്നുണ്ട്. പരിശോധന നടപടികൾ വേഗതയിലാക്കുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>നിലവിൽ കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശിപാർശ ചെയ്ത 269.81 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ പ്രൊപ്പോസലുകളിലായി 154.70 കോടി രൂപ സഹകരണ സംഘങ്ങൾക്ക്/ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യുവാനുണ്ട്. ഇതിൽ 10,03,63,827/- രൂപ കാർഷിക കടാശ്വാസമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് ചെയ്യുന്ന കർഷക കടാശ്വാസം അനുവദിച്ചു നൽകുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണ്; വിശദമാക്കുമോ; പ്രസ്തുത തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ; | (ബി) | സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2006ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് (2007ലെ (1)) പ്രകാരം രൂപീകൃതമായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡുപ്രകാരം സർക്കാരിലേക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഇതിനായി മതിയായ രേഖകളോടുകൂടി കമ്മീഷനിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും സഹകരണ സ്ഥാപനങ്ങൾ/ ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പരമാവധി 2,00,000/- രൂപ വരെ കടാശ്വാസം അനുവദിക്കുന്നതിനായാണ് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നത്. ദുരന്ത ബാധിത പ്രദേശങ്ങളിലെ കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ വയനാട്/ ഇടുക്കി ജില്ലകളിൽ 31.08.2020 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്.<br><br>കർഷക കടാശ്വാസ കമ്മീഷൻ അവാർഡു ചെയ്യുന്ന തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമുമ്പ് സഹകരണ രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | അപേക്ഷകളുടെ ആധിക്യവും അവാർഡ് ചെയ്യുന്ന അപേക്ഷകളുടെ എണ്ണത്തിലുള്ള വർദ്ധനവും പരിശോധന നടപടി മന്ദഗതിയിലാക്കുന്നുണ്ട്. ഇത് അവാർഡ് തുക നൽകുന്നതിൽ കാലതാമസം ഉണ്ടാക്കുന്നുണ്ട്. പരിശോധന നടപടികൾ വേഗതയിലാക്കുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>നിലവിൽ കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശിപാർശ ചെയ്ത 269.81 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ പ്രൊപ്പോസലുകളിലായി 154.70 കോടി രൂപ സഹകരണ സംഘങ്ങൾക്ക്/ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യുവാനുണ്ട്. ഇതിൽ 10,03,63,827/- രൂപ കാർഷിക കടാശ്വാസമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ തുക കൈമാറാത്തതിനാൽ കർഷകർക്ക് വായ്പ നൽകിയ സഹകരണ സംഘങ്ങളും പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യത്തിൽ കർഷക കടാശ്വാസം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2006ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007ലെ (1)) പ്രകാരം രൂപീകൃതമായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡുപ്രകാരം സർക്കാരിലേക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഇതിനായി മതിയായ രേഖകളോടുകൂടി കമ്മീഷനിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും സഹകരണ സ്ഥാപനങ്ങൾ/ ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പരമാവധി 2,00,000/- രൂപ വരെ കടാശ്വാസം അനുവദിക്കുന്നതിനായാണ് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നത്. ദുരന്ത ബാധിത പ്രദേശങ്ങളിലെ കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ വയനാട്/ ഇടുക്കി ജില്ലകളിൽ 31.08.2020 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്.<br><br>കർഷക കടാശ്വാസ കമ്മീഷൻ അവാർഡു ചെയ്യുന്ന തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുമുമ്പ് സഹകരണ രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്. അപേക്ഷകളുടെ ആധിക്യവും അവാർഡ് ചെയ്യുന്ന അപേക്ഷകളുടെ എണ്ണത്തിലുള്ള വർദ്ധനവും പരിശോധന നടപടി മന്ദഗതിയിലാക്കുന്നുണ്ട്. ഇത് അവാർഡ് തുക നൽകുന്നതിൽ കാലതാമസം ഉണ്ടാക്കുന്നുണ്ട്. പരിശോധന നടപടികൾ വേഗതയിലാക്കുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>നിലവിൽ കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശിപാർശ ചെയ്ത 269.81 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധനയ്ക്ക് ശേഷം ലഭ്യമാക്കിയ പ്രൊപ്പോസലുകളിലായി 154.70 കോടി രൂപ സഹകരണ സംഘങ്ങൾക്ക്/ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യുവാനുണ്ട്. ഇതിൽ 10,03,63,827/- രൂപ കാർഷിക കടാശ്വാസമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ